**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3792** | **11.11.2019-ൽ മറുപടിക്ക്**

## ഗുരുവായൂർ ദേവസ്വം ബോർഡ് ഓഫീസിലെ കമ്പ്യൂട്ടർ ഹാർഡ് ഡിസ്ക് കാണാതായ സംഭവം

| ചോദ്യം<br>ശ്രീ.റോജി എം. ജോൺ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഗുരുവായൂർ ദേവസ്വം ബോർഡ് ഓഫീസിലെ കമ്പ്യൂട്ടർ ഹാർഡ് ഡിസ്ക് കാണാതായ സംഭവത്തിൽ അഡ്മിനിസ്ട്രേറ്റർ നൽകിയ പരാതിയിൽ ഗുരുവായൂർ പോലീസ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) ടി സംഭവത്തിന് ഗുരുവായൂർ ദേവസ്വം മാനേജ് കമ്മിറ്റി അഡ്മിനിട്രേറ്റർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ ക്രൈം. നം.290/2019 U/s 380 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) പ്രസ്തുത ഓഫീസിലെ കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും സംരക്ഷിക്കുന്നതിന് ചുമതലപ്പെട്ടവരെ പോലീസ് ചോദ്യം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;<br>(സി) ഓഫീസിലെ സി.സി.ടി.വി. ദൃശ്യങ്ങൾ പോലീസ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;<br>(ഡി) പ്രസ്തുത മോഷണത്തിന്റെ തെളിവ് നശിപ്പിക്കുന്നതിനും അന്വേഷണം അട്ടിമറിക്കുന്നതിനും പോലീസ് ബോധപൂർവ്വം ശ്രമം നടത്തുന്നു എന്ന ആക്ഷേപം പരിശോധിക്കാനും കേസ് അന്വേഷണത്തിലെ വീഴ്ച പരിശോധിക്കാനും മദ്ധ്യമേഖലാ ഐ.ജി. യ്ക്ക് നിർദ്ദേശം നൽകാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) യും (സി) യും (ഡി) യും<br>കേസന്വേഷണം കാര്യക്ഷമമായി നടന്നു വരികയാണ്. |

**സെക്ഷൻ ഓഫീസർ**